# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

പി.ആർ.ഒ/35/258/2016 പത്രക്കുറിപ്പ് 2016 ഡിസംബർ 03

## പരീക്ഷാ തീയതി
അഞ്ചാം സെമസ്റ്റർ ഡി.ഡി. എം.സി.എ (2014 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ 2017 ജനുവരി 4ന് ആരംഭിക്കും. അപേക്ഷകൾപിഴകൂടാതെ ഡിസംബർ 14 വരെയും 50 രൂപ പിഴയോടെ 15 വരെയും 500 രൂപ സൂപ്പർഫൈനോടെ 19 വരെയും സ്വീകരിക്കും.

## പരീക്ഷാ ഫലം
2016 ആഗസ്റ്റ് മാസം നടത്തിയ അവസാന വർഷ ബി.എസ്.സി മെഡിക്കൽ ലബോറട്ടറി ടെക്നോളജി (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 17 വരെ സ്വീകരിക്കും.

2015 ഡിസംബർ മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം (റഗുലർ ആന്റ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 17 വരെ സ്വീകരിക്കും.

2015 ഡിസംബർ, 2016 ജൂൺ മാസങ്ങളിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ സെമസ്റ്റർ എം.എസ്.സി ബയോസ്റ്റാറ്റിസ്റ്റിക്സ് (പി.ജി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 17 വരെ സ്വീകരിക്കും.

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി കംപ്യൂട്ടർ സയൻസ്/ എം.എസ്.സി അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് വിത്ത് കംപ്യൂട്ടർ ആപ്ലിക്കേഷൻ (പി.ജി.സി.എസ്.എസ്), എം.എസ്.സി കംപ്യൂട്ടർ സയൻസ് (നോൺ സി.എസ്.എസ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 16 വരെ സ്വീകരിക്കും.

## പ്രാക്ടിക്കൽ പരീക്ഷ
മൂന്നാം സെമസ്റ്റർ ബി.എസ്.സി ഗണിതശാസ്ത്രം (സി.ബി.സി.എസ്.എസ്) വൊക്കേഷണൽ മോഡൽ രണ്ട് പരീക്ഷയുടെ കംപ്യൂട്ടർ സയൻസ് വൊക്കേഷണൽ പേപ്പറിന്റെ പ്രാക്ടിക്കൽ ഡിസംബർ 8 മുതൽ അതാത് കോളജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## ബി.എ കഥകളി മദ്ദളം, ചെണ്ട പ്രാക്ടിക്കൽ
തൃപ്പൂണിത്തുറ ആർ.എൽ.വി കോളജിലെ ബി.എ ഒന്നാം സെമസ്റ്റർ (റഗുലർ – 2016 അഡ്മിഷൻ, സപ്ലിമെന്ററി) മദ്ദളം, ചെണ്ട പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 5, 6 തീയതികളിൽ കോളജിൽ വച്ച് നടത്തും. ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## എം.ജിയിൽ ജലശുദ്ധീകരണത്തെ അടിസ്ഥാനമാക്കി പഞ്ചദിന ശില്പശാല
മഹാത്മാ ഗാന്ധി സർവ്വകലാശാല ഇന്റർ നാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ ഇന്ത്യയും ബ്രിട്ടനും സംയുക്തമായി ജലശുദ്ധീകരണത്തെ അടിസ്ഥാനമാക്കി പഞ്ചദിന ശില്പശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ ഡിസംബർ 12 മുതൽ നടത്തും. ജലശുദ്ധീകരണത്തിലെ നവീന സാധ്യതകളും, വെല്ലുവിളികളും, നാനോ–ബയോ മെറ്റീരിയലുകളുടെ സഹായത്തോടെയുള്ള പുരോഗതികളുമാണ് ശില്പശാലയുടെ പ്രമേയം. ലോകപ്രശസ്തരായ 30–ഓളം ശാസ്ത്രജ്ഞർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

ഐ.ഐ.യു.സി.എൻ.എൻ ഡയറക്ടർ പ്രൊഫ. സാബു തോമസ്, ബ്രിട്ടനിലെ ബാംഗർ യൂണിവേഴ്സിറ്റി പ്രൊഫസർ ദുരൈ പ്രഭാകരൻ രാഘവാലു തിരുമലൈ എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകും. ശില്പശാല വൈസ് ചാൻസലർ ഡോ.ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. കൂടുതൽ അന്വേഷണങ്ങൾക്കും രജിസ്ട്രേഷനും ഫോൺ: 9497812510, ഇമെയിൽ avinashrpai@gmail.com

## ബി.എസ്.സി എം.എൽ.റ്റി സീറ്റൊഴിവ്

എം.ജി സർവ്വകലാശാല സ്കൂൾഓഫ് മെഡിക്കൽ എജ്യൂക്കേഷനിൽ ബി.എസ്.സി എം.എൽ.റ്റി കോഴ്സിന് സീറ്റൊഴിവുണ്ട്. റാങ്ക് ലിസ്റ്റിൽ 1201 മുതൽ ഉൾപ്പെട്ടിട്ടുള്ള താൽപര്യമുള്ള വിദ്യാർത്ഥികൾഅസ്സൽ സർട്ടിഫിക്കറ്റുകളും നിശ്ചിത ഫീസുമായി രക്ഷിതാക്കളോടൊപ്പം ഡിസംബർ 7ന് രാവിലെ 11 മണിക്ക് കോട്ടയം ഗാന്ധിനഗറിലുള്ള എസ്.എം.ഇ ഡയറക്ടറുടെ ഓഫീസിൽ എത്തിച്ചേരണം. വിശദവിവരങ്ങൾ www.sme.edu.in എന്ന വെബ് സൈറ്റിൽ ലഭിക്കും. ഫോൺ 0481–6061014, 6061012.

## ഔദ്യോഗിക ഭാഷ ജനകീയമാകണം – എം.ജി വി.സി

ഔദ്യോഗിക ഭാഷ മലയാളമാക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഭാഷയെ ജനകീയമാക്കുക എന്നാണെന്ന് എം.ജി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ. ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ ജീവനക്കാർക്കായി നടത്തിയ ഔദ്യോഗിക ഭാഷാ ശില്പശാല സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരള സർക്കാരിന്റെ ഔദ്യോഗിക ഭാഷാ വിഭാഗത്തിലെ മലയാള ഭാഷാ വിദഗ്ധൻ ശിവകുമാർ ക്ലാസ് നയിച്ചു. സിൻഡിക്കേറ്റംഗം കെ. ഷെറഫുദ്ദീൻ, ഡോ. അജു കെ. നാരായണൻ എന്നിവർ സംസാരിച്ചു.

## കായിക മത്സരങ്ങളിൽ വോളിബോളിന്റെ പ്രസക്തി വീണ്ടെടുക്കണം – ഡോ. ബാബു സെബാസ്റ്റ്യൻ

മാധ്യമങ്ങൾ ക്രിക്കറ്റിന് അമിത പ്രാധാന്യം നൽകുന്നതിനാൽ വോളിബോൾ പോലെയുള്ള ജനകീയമായ കായിക ഇനങ്ങൾ അവഗണിക്കപ്പെടുകയാണെന്നും വോളിബോളിനെ വീണ്ടെടുക്കാനുള്ള സമയമാണിതെന്നും എം.ജി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ 66–മത് അഖിലേന്ത്യാ അന്തർസർവ്വകലാശാല വോളിബോൾ ടൂർണമെന്റ് പാലാ സെന്റ് തോമസ് കോളജിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സിൻഡിക്കേറ്റംഗം അഡ്വ. പി. കെ. ഹരികുമാർ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കേരളാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി. പി. ദാസൻ മുഖ്യപ്രഭാഷണം നടത്തി. സിൻഡിക്കേറ്റംഗങ്ങളായ ടോമിച്ചൻ ജോസഫ്, ഡോ. പി. കെ. പത്മകുമാർ, മുനിസിപ്പൽ ചെയർപേഴ്സൺ ലീനാ സണ്ണി, എം. ഡി. മുത്തു, ഡോ. സണ്ണി ജോസഫ്, ഡോ. ജോസഫ് കൊല്ലംപറമ്പിൽ, ഡോ.ബിനു ജോർജ് വർഗീസ് എന്നിവർ സംസാരിച്ചു.

## അടിക്കുറിപ്പ്

66–ാമത് ദക്ഷിണേന്ത്യാ അന്തർസർവ്വകലാശാലാ വോളിബോൾ ടൂർണമെന്റ് പാലാ സെന്റ് തോമസ് കോളജിൽ എം.ജി സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു. സിൻഡിക്കേറ്റംഗങ്ങളായ ടോമിച്ചൻ ജോസഫ്, ഡോ. പി. കെ. പത്മകുമാർ, കെ. ഷെറഫുദ്ദീൻ മുനിസിപ്പൽ ചെയർപേഴ്സൺ ലീനാ സണ്ണി, എം. ഡി. മുത്തു, ഡോ. സണ്ണി ജോസഫ്, ഡോ. ജോസഫ് കൊല്ലംപറമ്പിൽ, ഡോ.ബിനു ജോർജ് വർഗീസ് എന്നിവർ സമീപം

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)